# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3990** | **21.06.2019 -ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ? | വിനോദ സഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപക മാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുമായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം, എന്നീ ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്ത പൂർണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാ വശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപ ശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളത് ആർ.ടി മിഷന്റെ പ്രധാന പ്രവർത്തനമാണ്. നിലവിൽ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന 15515 രജിസ്റ്റേർഡ് ആർ.ടി മിഷൻ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തിക്കുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ |

പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന് മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽ മുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ (ഹോട്ടൽ/ റിസോർട്ടുകളിലേക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, പഴങ്ങൾ, വാഴയില, തേങ്ങ, കരിക്ക്, ഇറച്ചി, മീൻ എന്നിങ്ങനെയുളളവ), കരകൗശല വസ്തുക്കൾ, പേപ്പർ/ തുണി സഞ്ചികൾ എന്നിങ്ങനെ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനലഭ്യതയും ഉറപ്പ് വരുത്തുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും, റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും, ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പ് വരുത്തുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നിങ്ങനെ ഓൺ ലൈൻ നെറ്റ് വർക്കുകൾ ആർ.ടി മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ നെറ്റ് വർക്കുകൾ പ്രാദേശിക സമൂഹത്തെ നേരിട്ട് ടൂറിസം വ്യവസായവുമായി ബന്ധിപ്പിക്കുന്നു. 2017 ജൂൺ മുതൽ 2019 മെയ് വരെ രജിസ്റ്റേർഡ് ആർ.ടി മിഷൻ യൂണിറ്റുകൾക്ക് ലഭിച്ചിരിക്കുന്ന ആകെ വരുമാനം 9,15,03,783/-രൂപയാണ്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രോജക്ടുകളിൽ ഒന്നായ 'പെപ്പർ' (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം) പദ്ധതിയിലൂടെ പുതിയ ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നു. കോട്ടയം ജില്ലയിലെ വൈക്കം പ്രദേശമാണ് പ്രസ്തുത പദ്ധതിയിലൂടെ ഉയർന്നുവന്ന ആദ്യ ഉത്തരവാദിത്ത ടൂറിസം കേന്ദ്രം. രണ്ടാംഘട്ട ത്തിൽ മലപ്പുറം ജില്ലയിലെ പൊന്നാനി പ്രദേശം ഉൾപ്പെടെ വിവിധ

ജില്ലകളിലായി എട്ട് സ്ഥലങ്ങളിൽ പെപ്പർ പദ്ധതി പുരോഗമിച്ചുവരുന്നു. മൂന്നാംഘട്ടത്തിൽ 10 സ്ഥലങ്ങൾ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിലെ സർക്കാർ നയമനുസരിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ന്യൂ ആർ.ടി ഡെസ്റ്റിനേഷൻസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി അവബോധ ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ, യൂണിറ്റ് രജിസ്ട്രേഷൻ, യൂണിറ്റുകളെ ആർ.ടി. മിഷന്റെ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തൽ, വിവിധ എക്സ്പീരിയൻസ് പാക്കേജുകളുടെ രൂപീകരണം, അവയുടെ പ്രൊമോഷൻ, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നു വരുന്നു.

ഇങ്ങനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാകുകയും തദ്ദേശീയരായ സാധാരണക്കാർക്ക് കൂടി ടൂറിസം രംഗത്ത് നിന്നും വരുമാനം ലഭ്യമാകുവാനും തുടങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ